## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 443** — **30-01-2024 - ൽ മറുപടിയ്ക്ക്**

## കേന്ദ്രവിഹിതം കുറയുന്നത് പരിഹരിക്കാനുള്ള ബദലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതം കുറയുന്നതു മൂലം സംസ്ഥാനം കടക്കെണിയിലാവുന്ന അവസ്ഥ നേരിടാൻ എന്തെല്ലാം ബദലുകൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ; | (എ) | നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് വിഘ്നം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്. |
| (ബി) | ജി. എസ്. ടി. നഷ്ടപരിഹാരം നിർത്തിയതിലൂടെ സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്രയെന്നു വിശദമാക്കാമോ? | (ബി) | ജി.എസ്.ടി നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ മൂല്യവർദ്ധിതനികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. ചരക്ക് സേവന നികുതി നഷ്ടപരിഹാരം നടപ്പിലാക്കിയ 2017 ജൂൺ മാസം മുതലുള്ള 5 വർഷ കാലയളവിൽ 42559.25 കോടി രൂപ സംസ്ഥാനത്തിന് നഷ്ടപരിഹാരമായി ലഭ്യമായിരുന്നു. ഇതനുസരിച്ചുള്ള ഒരു വർഷത്തെ ശരാശരി നഷ്ടപരിഹാരം 8500 കോടിയോളം രൂപയാണ്. ചരക്ക് സേവന നികുതി സമാഹരണത്തിൽ ഉയർന്ന വളർച്ച കൈവരിക്കുന്നതിലൂടെ മാത്രമേ പ്രസ്തുത നഷ്ടം നികത്താനാകൂ. |

സെക്ഷൻ ഓഫീസർ